## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് , വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവയുടെ ഏകോപനം

79 [704] ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത ഡയറക്ടറേറ്റുകളിൽ എത്തുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കാലതാമസമില്ലാതെ അവ പരിഹരിക്കുന്നതിനും സർക്കാർ എന്തൊക്ക സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ പ്രവേശനം, പി.ടി.എ., ഗുണനിലവാര വർദ്ധനാ പ്രവർത്തനങ്ങൾ, മോണിട്ടറിംഗ് പ്രവർത്തനങ്ങൾ, പാഠ്യപദ്ധതി രൂപീകരണം, പാഠപുസ്തകങ്ങൾ തയ്യാറാക്കൽ തുടങ്ങിയ പൊതുവായ മേഖലകളിൽ ഏകോപിച്ചുള്ള പ്രവർത്തനമാണ് നടത്തുന്നത്. പ്രസ്തുത ഡയറക്ടറേറ്റുകളിൽ എത്തുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സംവിധാനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

## പ്ലസ് ടു സ്കൂളുകൾ അനുവദിക്കുവാൻ നടപടി

80 [705] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ഓരോ ജില്ലയിലും എത്ര സീറ്റുകൾ വീതം ഉണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്ലസ് ടു സൗകര്യം ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് എന്നീ മേഖലകളിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ഓരോ ജില്ലയിലും ലഭ്യമായ സീറ്റുകൾ താഴെപ്പറയും പ്രകാരമാണ് :

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | .. | 30350 | 4. | ആലപ്പുഴ | .. | 18450 |
| 2. | കൊല്ലം | .. | 21150 | 5. | കോട്ടയം | .. | 22650 |
| 3. | പത്തനംതിട്ട | .. | 16400 | 6. | ഇടുക്കി | .. | 9950 |



LIBRARY ARCHIVES Kerala Legislative Assembly